"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഹഡ്കോയിൽ നിന്നും ലഭിച്ച ലൈഫ് ഭവന നിർമ്മാണത്തിനുള്ള വായ്പയുടെ 4-ാം ഗഡുവായ 375 കോടി രൂപയിൽ നിന്നും 173 കോടി രൂപ കൂടി സംസ്ഥാന വിഹിതമായി ലൈഫ് മിഷനു അനുവദിക്കാൻ കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Ms)No.90/2019/LSGD തീയതി,തിരുവനന്തപുരം, 16/07/2019

---

പരാമർശം:- 1 സ.ഉ (സാധാ) നം.688/2019/ത.സ്വ.ഭ.വ തീയതി 22-03-2019.

2. സ.ഉ (സാധാ) നം.1026/2019/ത.സ്വ.ഭ.വ തീയതി 22-05-2019.

3 31.05.2019 - ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.

4. 21-06-2019 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ കെ.യു.ആർ.ഡി.എഫ്.സി /എ2/713/2019(5) നമ്പർ കത്ത്.

5 05-07-2019 തീയതിയിലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എൽ.എഫ് 18/ഫിൻ/2019 നമ്പർ കുറിപ്പ്.

**ഉത്തരവ്**

ലൈഫ് മിഷൻ പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നനുവദിച്ച വായ്പയുടെ 3-ാം ഗഡു തുക ലഭിക്കുന്നതിന് കാലതാമസമുണ്ടായതിനെ തുടർന്ന് പദ്ധതിയുടെ അടിയന്തര ചെലവുകൾ ക്കായി എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖേന ബ്രിഡ്ജ് ലോൺ ഇനത്തിൽ 425 കോടി രൂപ,വായ്പ എടുക്കാൻ പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖേന എടുത്ത ബ്രിഡ്ജ് ലോൺ ലൈഫ് മിഷൻ പദ്ധതിയ്ക്ക് നൽകുന്ന സംസ്ഥാന വിഹിതമായി കണക്കാക്കി പരാമർശം(1) ഉത്തരവ് പരാമർശം( 2) പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി . .മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിൽ ബാക്കി നിന്ന 252 കോടി രൂപ 04.06.2019 ൽ ലൈഫ് മിഷൻ അക്കൗണ്ടിലേക്ക് മാറ്റുകയുണ്ടായെന്നും ഹഡ്കോയിൽ നിന്നും ജൂൺ മാസം ലഭിച്ച 4-ാം ഗഡുവായ 375 കോടി രൂപയിൽ നിന്നും 173 കോടി രൂപ കൂടി ലഭ്യമാക്കണമെന്ന് ലൈഫ് മിഷൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും എന്നാൽ

ഹഡ്‌കോയുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം ഹഡ്‌കോ വായ്പ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നതല്ലെന്നും ആയതിനാൽ ഹഡ്‌കോയിൽ നിന്നും ജൂൺ മാസം ലഭിച്ച 4-ാം ഗഡു വായ്പയിൽ നിന്നും 173 കോടി രൂപ ലൈഫ് മിഷന് അനുവദിക്കണമെങ്കിൽ ആയതിന് സർക്കാർ തലത്തിൽ പ്രത്യേക അനുമതി നൽകണമെന്നും പരാമർശം (4)പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. ഹഡ്‌കോയിൽ നിന്നും ജൂൺ മാസം ലഭിക്കുന്ന 4-ാം ഗഡുവായ 375 കോടി രൂപയിൽ നിന്നും 173 കോടി രൂപ കൂടി സംസ്ഥാന വിഹിതമായി ലൈഫ് മിഷനു നൽകുന്നതിന് പരാമർശം 3) ലെ യോഗം തീരുമാനിച്ചിട്ടുണ്ടെന്നും സംസ്ഥാന വിഹിതമായി എല്ലാ ജില്ലകളിൽ നിന്നും അധിക ഡിമാന്റ് വന്നിട്ടുള്ള സാഹചര്യത്തിൽ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും സംസ്ഥാന വിഹിതമായി ലഭിച്ച 252 കോടി രൂപ കിഴിച്ച് ബാക്കി 173 കോടി രൂപ ഹഡ്‌കോയിൽ നിന്നും ലഭിച്ച 4-ാം ഗഡു വായ്പയിൽ നിന്നും ലൈഫ് മിഷന് ലഭ്യമാക്കാൻ അടിയന്തിര നടപടി കൈക്കൊള്ളണമെന്നും പരാമർശം 5) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും അപേക്ഷിയ്ക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിയ്ക്കുകയുണ്ടായി. പരാമർശം (2) ഉത്തരവിലെയും പരാമർശം (3) യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, ഹഡ്‌കോയിൽ നിന്നും ലൈഫ് ഭവന നിർമ്മാണത്തിനുള്ള വായ്പയുടെ 4-ാം ഗഡുവായി ലഭിച്ച 375 കോടി രൂപയിൽ നിന്നും 173 കോടി രൂപ കൂടി സംസ്ഥാന വിഹിതമായി ലൈഫ് മിഷനു അനുവദിക്കാൻ കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

മാനേജിംഗ് ഡയറക്ടർ,കെ.യു.ആർ.ഡി. എഫ്.സി

ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎസ്റ്റ്.